LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസിലെ ഗൂഢാലോചന സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നു.

(ബി) മുരളിയെ കൊലപ്പെടുത്തുവാൻ മുമ്പും ശ്രമം നടന്നിട്ടുള്ളതും ആയതിന് കമ്പള പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 597/2012 u/s 143, 147, 148, 341, 323, 324, 307 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കൊല്ലപ്പെട്ട മുരളിയും ഒന്നാം പ്രതി ശരണും തമ്മിൽ മുമ്പ് പ്രശ്നങ്ങൾ ഉണ്ടായതിനുശേഷം മുൻകരുതൽ എന്ന നിലയിൽ ടിയാൻമാരുടെ പേരിൽ ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്ത് അവരുടെ നീക്കങ്ങളിൽ പോലീസ് രഹസ്യ നിരീക്ഷണം നടത്തിവന്നിട്ടുള്ളതാകുന്നു.

(സി) കേസിന്റെ നാളിതുവരെയുള്ള അന്വേഷണത്തിൽ ഗൂഢാലോചന വെളിവായിട്ടില്ല. കേസിന്റെ അന്വേഷണം നടന്നുവരികയാണ്. ആയതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

കൊളത്തൂർ, മലപ്പുറം പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണയം

270 (272) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിച്ച് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഇത് സംബന്ധിച്ച് ആഭ്യന്തരവകുപ്പിലെ ഇ1-21566/12 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) മലപ്പുറം നഗരത്തിന്റെ 2 കി.മീ. ചുറ്റളവിലുള്ള കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, പെരിങ്ങോട്ടുപുലം, മുണ്ടക്കോട്, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ സത്വരനടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കരട്

വിജ്ഞാപനത്തിൽ ചില പിശകുകൾ കണ്ടതിനാൽ ഇതു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

മൊബൈൽ ടാങ്ക് യൂണിറ്റ്

271 (273) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫയർസ്റ്റേഷനിലേയ്ക്ക് പുതുതായി വാട്ടർ ടെൻഡർ (മൊബൈൽ ടാങ്ക് യൂണിറ്റ്) അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ വാട്ടർ ടെൻഡറുകൾ ലഭ്യമാകുന്ന മുറയ്ക്ക് മലപ്പുറം ഫയർ സ്റ്റേഷനിലും നൽകുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മാവേലിക്കര മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

272 (274) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഫയർഫോഴ്സ് യൂണിറ്റിന് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വ്യാപകമായി കഞ്ചാവ്, ലഹരിമരുന്ന് എന്നിവയുടെ വില്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണമാരംഭിച്ച കമാൻഡോ പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി എന്ന് ആരംഭിക്കും; ആയതിന് കാലതാമസമുണ്ടെങ്കിൽ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly